സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# ഭാരതീയസാഹിത്യദർശനത്തിന്റെ സമകാലികത കുട്ടികൃഷ്ണമാരാരുടെ കൃതികളിൽ

**ഡോ. വീണ എസ് ***



**സംഗ്രഹം**

മലയാളനിരൂപണരംഗത്ത് സ്വതന്ത്രവും മൗലികവുമായ നിലപാടുകൾ അവതരിപ്പിച്ച നിരൂപകനാണ് കുട്ടികൃഷ്ണമാരാർ. ഭാരതീയദർശനങ്ങളുടെ ഭൂമികയിൽ നിന്നുകൊണ്ട് ജീവിതയാഥാർത്ഥ്യത്തിലുറപ്പിച്ച വീക്ഷണത്തോടെ രൂപപ്പെട്ടതാണ് കുട്ടികൃഷ്ണമാരാരുടെ മൗലികമായ സിദ്ധാന്തങ്ങൾ. സാഹിത്യം വിദ്യയാണെന്നും, ശാശ്വതമൂല്യങ്ങളാണ് സാഹിത്യത്തിൽ ആവിഷ്കരിക്കേണ്ടതെന്നും, കല ജീവിതം തന്നെയെന്നും, നിരൂപകപക്ഷപാതത്തിലധിഷ്ഠിതമാണ് നിരൂപണമെന്നുമുള്ള വീക്ഷണങ്ങളിലൂടെയാണ് അദ്ദേഹത്തിന്റെ നിരൂപണങ്ങളെല്ലാം ആവിഷ്കരിക്കപ്പെട്ടത്. ധർമ്മചിന്തയെ ഉദ്ദീപിപ്പിക്കുന്ന സൗന്ദര്യബോധത്തിൽ നിന്നാണ് ഭാരതീയ സാഹിത്യദർശനം രൂപപ്പെട്ടത്. സാഹിത്യവും ധർമ്മവും ഇവിടെ വേറിട്ട് കാണുന്നില്ല. സാഹിത്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കവിതയ്ക്കാണ് ഭാരതീയർ പ്രാമുഖ്യവും മഹത്വവും കൽപ്പിച്ചത്. അതുകൊണ്ട് അവരുടെ എല്ലാ വിചിന്തനങ്ങളും കവിതയെ കേന്ദ്രീകരിച്ചതായിത്തീർന്നു. എങ്കിലും 'സാഹിത്യം' എന്ന വിശാലമായ കാഴ്ചപ്പാടിൽ അതിനെ വ്യാപിപ്പിച്ച് സർവ്വകാലികമാക്കിത്തീർക്കാൻ യോഗ്യമായ ദർശനപാരമ്പര്യമാണ് അവ പകർന്നു നൽകിയത്. വിദ്യയിലൂടെയും വായനയിലൂടെയും ആർജിച്ച ഭാരതീയ സാഹിത്യദർശനത്തിലുള്ള അറിവ് കുട്ടികൃഷ്ണമാരാരുടെ കൃതികളിൽ സമകാലികദർശനമായി മാറുന്നതെങ്ങനെയെന്ന് അപഗ്രഥിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ:** ധർമ്മോപദേശം, കാവ്യപ്രയോജനം, സാഹിത്യവിദ്യ, സംസ്കാരതലം, മാനസികമൂല്യങ്ങൾ, ജീവിതയാഥാർത്ഥ്യം.

## ആമുഖം

ജീവിതവും പാരമ്പര്യവും സ്വാഭാവികമായ നിരീക്ഷണപാടവവും പകർന്നു നൽകിയ ശക്തിയിൽ വ്യത്യസ്തമായ ഒരു നിരൂപണപദ്ധതി തന്നെ ആവിഷ്കരിച്ച എഴുത്തുകാരനാണ് കുട്ടികൃഷ്ണമാരാർ. പാശ്ചാത്യ സാഹിത്യചിന്തയുടെ പരിമിതമായ അറിവിനെപ്പോലും മറികടന്നുകൊണ്ട് സമകാലീനനിരൂപണത്തിന്റെ നൂതനപ്രവണതകൾ പോലും അദ്ദേഹം തിരിച്ചറിഞ്ഞു. നിരൂപണം ഗുണദോഷവിചിന്തനം മാത്രമാകാതെ

---

* അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം. സെന്റ് തോമസ് കോളേജ് റാന്നി.
sveena2024@gmail.com. 9497086097.

 ISSN No: 3049-0316 

സർഗാത്മകപുന:സൃഷ്ടിയാകുന്നത് മാരാരുടെ വിമർശനത്തിൽ കാണുന്നു. ഒരു കൃതി ധ്വനിപ്പിക്കുന്ന അർത്ഥ ഭാവതലങ്ങളിലൂടെ ഒരു സർഗാത്മകസാഹിത്യകൃതി നൽകുന്ന നവ്യമായ അനുഭവമാണ് അദ്ദേഹം പകർന്നു നൽകിയത്. പൗരസ്ത്യസാഹിത്യശാസ്ത്രസിദ്ധാന്തങ്ങളെയും ദർശനങ്ങളെയും താർക്കികബുദ്ധിയോടെ ആഴ ത്തിൽ ഉൾക്കൊള്ളുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.അതിലൂടെ പാരമ്പര്യസിദ്ധാന്തങ്ങളുടെ ന്യൂനതകൾ അദ്ദേഹം തിരിച്ചറിഞ്ഞു. ഭാരതീയദർശനങ്ങളെ പ്രായോഗികജീവിതപശ്ചാത്തലത്തിൽ പുനരാഖ്യാനം ചെയ്ത തിന്റെ ഫലങ്ങളാണ് അദ്ദേഹത്തിന്റെ മൗലികമായ നിലപാടുകൾ. സമകാലീനജീവിതത്തിലും പ്രസക്തമായ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ മൗലികതയും അതിലേക്ക് നയിച്ച ആശയങ്ങളും എക്കാലത്തെയും സാഹിത്യത്തിന്റെ അടിസ്ഥാനതത്വങ്ങളാണ്.

### ഭാരതീയസാഹിത്യദർശനങ്ങൾ

മലയാളനിരൂപണത്തെ ഇന്നത്തെ നിലയിൽ എത്തിച്ചതിൽ മുഖ്യപങ്കു വഹിച്ച അനേകം നിരൂപകരുണ്ട്. കേവലം വ്യാഖ്യാനമെന്നതിലുപരിയായി സർഗ്ഗാത്മകസാഹിത്യത്തോടൊപ്പം നിരൂപണത്തെ ഉയർത്താൻ ഇവരുടെ വ്യത്യസ്തമായ നിലപാടുകൾക്ക് കഴിഞ്ഞു. ബാഹ്യസൗന്ദര്യത്തിലധിഷ്ഠിതമായ സാഹിത്യാവലോകനത്തിൽ നിന്നും ആന്തരികമായ ഭാവസൗന്ദര്യത്തിലധിഷ്ഠിതമായ സാഹിത്യചിന്തയുടെ വളർച്ചയിൽ കാവ്യശരീരത്തെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ പുറപ്പെട്ടിട്ടുണ്ട്. ഭാരതീയകാവ്യചിന്തയുടെ ആദിമൂലം രസചിന്തയാണ്. ഭരതമുനിയാണ് രസസിദ്ധാന്തം അവതരിപ്പിച്ചത്. പതിനൊന്നാം നൂറ്റാണ്ടിന് ശേഷം സംസ്കൃതസാഹിത്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയത് ആനന്ദവർദ്ധനന്റെ രസസിദ്ധാന്തമാണ്. ഭരതമുനിയുടെ രസസിദ്ധാന്തത്തോട് ശബ്ദാർത്ഥങ്ങളുമായി ബന്ധപ്പെട്ട വ്യഞ്ജനാവാദത്തെ ചേർത്തതാണ് ധ്വനിസിദ്ധാന്തം. "അർത്ഥം അതിന്റെ സ്വത്വത്തെയും ശബ്ദം അതിന്റെ അർത്ഥത്തെയും സ്വയം അപ്രധാനീകരിച്ച് കാവ്യാത്മകമായ അർത്ഥത്തെ ധ്വനിപ്പിക്കുന്ന തരം കാവ്യവിശേഷത്തെ ധ്വനി എന്ന് പണ്ഡിതന്മാർ പറയുന്നു" (ആനന്ദവർദ്ധനൻ, 1996:20). ഇവിടെ ശബ്ദവും അർത്ഥവും വ്യംഗ്യാർത്ഥത്തെ പ്രകാശിപ്പിക്കുന്ന വ്യഞ്ജകങ്ങളാണ്. വ്യക്തിവിവേകം രചിച്ച മഹിമഭട്ടൻ രസവാദത്തെ അംഗീകരിച്ചുകൊണ്ട് വ്യഞ്ജനയെ എതിർത്തു. ശബ്ദത്തിന് അഭിധാവൃത്തി മാത്രമേയുള്ളൂവെന്നും ലക്ഷണ,വ്യഞ്ജന എന്നീ വൃത്തികൾ അതിനില്ലെന്നും അദ്ദേഹം വാദിച്ചു (മഹിമ ഭട്ടൻ, 1988:116). അർത്ഥാന്തരബോധവും രസാസ്വാദനം പോലും അനുമാനമാണെന്ന് അദ്ദേഹം പറഞ്ഞു (1988:131).

### കാവ്യപ്രയോജനം

സാധാരണഭാഷയിൽ നിന്ന് കവിതയെ വ്യതിരിക്തമാക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്നുള്ള അന്വേഷണം കവി, കാവ്യലക്ഷ്യം, കാവ്യപ്രയോജനം, സഹൃദയൻ, രസം, ഗുണം, അലങ്കാരം, ധ്വനി, ഔചിത്യം തുടങ്ങിയവയെക്കുറിച്ചുള്ള വ്യക്തമായ നിഗമനങ്ങൾ രൂപപ്പെടുത്തി. ഓരോ കാലഘട്ടത്തിലും സാമ്പത്തികവും സാമൂഹികവുമായ ആധിപത്യവിഭാഗത്തിന്റെ നിയന്ത്രണത്തിലാണ് ആശയങ്ങളും സിദ്ധാന്തങ്ങളും പ്രചരിക്കുന്നത്. കവിതയുടെ മുഖ്യപ്രയോജനം എന്ത് ? എന്നുള്ള അന്വേഷണത്തിന്റെ ഉത്തരങ്ങളും ഓരോ കാലഘട്ടത്തിലും വ്യത്യസ്തമായതിന്റെ കാരണമിതാണ്. കവിതയുടെ മുഖ്യപ്രയോജനം ആനന്ദം ജനിപ്പിക്കുകയാണെന്നും ധർമ്മോപദേശമാണെന്നും ആനന്ദിപ്പിച്ചുകൊണ്ട് ഉപദേശിക്കലാണെന്നുമുള്ള വിരുദ്ധ ആശയങ്ങൾ ഭാരതീയസാഹിത്യചരിത്രത്തെ സംബന്ധിച്ചുണ്ട്. ആദ്യതലമുറയിലെ സാഹിത്യവിമർശകർ ധർമ്മാർത്ഥകാമമോക്ഷ പ്രാപ്തിയെയാണ് കാവ്യകലയുടെ മുഖ്യപ്രയോജനമായി കണ്ടത്. നാട്യശാസ്ത്രം രചിച്ച ഭരതമുനി ഉപദേശവും ആനന്ദവും ഒരേസമയം നൽകുകയാണ് നാട്യകലയുടെ ലക്ഷ്യമെന്നു പറയുന്നുണ്ട്. നാട്യം ധർമ്മാനുസാരിയും അർഥജനകവും കീർത്തികരവും ഉപദേശകവുമാണെന്നദ്ദേഹം പറഞ്ഞു (ഭരതമുനി, 1971:1-9). കല ആസ്വാദകഹൃദയത്തെ -പ്രേക്ഷകരെ- ആകർഷിച്ച് അവരിൽ ആനന്ദാനുഭൂതി ഉളവാക്കിയെങ്കിൽ മാത്രമേ ഉപദേശവും സാധിക്കുകയുള്ളൂവെന്ന് ഭരതമുനി തിരിച്ചറിഞ്ഞിരുന്നു. കാവ്യപ്രയോജനത്തിൽ കവിയെക്കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ദർശനമാണ് ഭാമഹൻ അവതരിപ്പിച്ചത്. ധർമാർഥകാമാദികൾ പോലെ മോക്ഷവും ആനന്ദവും കീർത്തിയും കാവ്യരചനകൊണ്ട് കവിക്കു ലഭിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു (ടി ഭാസ്കരൻ, 1978:101) ജീവിതത്തിന്റെ സമസ്തതലങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള നിരീക്ഷണമാണിത്.

ശബ്ദത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുമ്പോഴാണ് കാവ്യപ്രയോജനത്തെക്കുറിച്ച് ദണ്ഡി സൂചിപ്പിക്കു ന്നത്. കവിത, ജീവിതത്തെ പ്രകാശമാക്കുന്നുവെന്ന ദർശനം അദ്ദേഹം വെളിപ്പെടുത്തി (ദണ്ഡി, 2002:2). കാവ്യത്തിന്റെ ലക്ഷണം പറയുമ്പോൾ "സഹൃദയരുടെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്ന ശബ്ദാർത്ഥങ്ങളുള്ളത്"

(ആനന്ദവർദ്ധനൻ, 1996:3) എന്ന പറയുന്ന ആനന്ദവർധനനും കാവ്യത്തിന്റെ ഫലം ആനന്ദമെന്നുതന്നെയാണ് പറയുന്നത്. എങ്കിലും പ്രപഞ്ചദർശനം സാധിച്ച കവിയെക്കുറിച്ച് ധന്യാലോകം മൂന്നാം ഉദ്യോതത്തിൽ അദ്ദേഹം പറയുന്നുണ്ട് (ആനന്ദവർദ്ധനൻ, 1996:206). ആനന്ദവർധനന്റെ അഭിപ്രായത്തിൽ ഇച്ഛാനുസരണം ഈ പ്രപഞ്ചത്തെ രൂപാന്തരപ്പെടുത്തുവാൻ പോന്ന അജയ്യശക്തിയാണ് കവി. ആ കവിയിലൂടെ ആസ്വാദകഹൃദയം ആർജ്ജിക്കുന്ന 'വീക്ഷണം' എന്ന കാവ്യപ്രയോജനത്തെക്കുറിച്ചു തന്നെയാണ് അദ്ദേഹവും പറയുന്നത്. കവിതയെ ഒരു നിർമ്മിതിയായും-creation- കവിയെ നിർമ്മാതാവായും-creator-ആയും കണ്ടുകൊണ്ടുള്ള കല വെറും വെളിപാടല്ലെന്നും നേരെമറിച്ച് അത് കലാകാരന്റെ ഇച്ഛയ്ക്കധീനമാണെന്നുള്ള പ്രഖ്യാപനം കൂടിയാണ് ഈ കാവ്യദർശനമെന്ന് ഡോക്ടർ എം.എസ്. മേനോൻ പറയുന്നു (1995:45). പ്രശസ്തിയും അർത്ഥവും വ്യവഹാരവും പെട്ടെന്നു പരനിർവൃതി നേടാനുമാണ് കാവ്യമെന്നു പറയുന്നുണ്ടെങ്കിലും അമംഗളമായതിന്റെയെല്ലാം നാശവും കാന്തയ്ക്കു തുല്യം ഉപദേശിക്കുകയും ചെയ്യുന്ന പ്രയോജനത്തെക്കുറിച്ച് കാവ്യപ്രകാശത്തിൽ മമ്മടഭട്ടൻ പറയുന്നു (പ്രയാർ പ്രഭാകരൻ, 1999:211).

## കാവ്യസൗന്ദര്യം

വൈവിധ്യവും പുതുമയും കാവ്യസൗന്ദര്യത്തിന്റെ ഘടകങ്ങളായി പല ചിന്തകരും അവതരിപ്പിച്ചിട്ടുണ്ട്. കവിതയിൽ പുതുമയുണ്ടെങ്കിൽ മാത്രമേ അത് ആസ്വാദകനെ ആകർഷിക്കുകയുള്ളുവെന്ന് വ്യക്തമാക്കിക്കൊണ്ട് കവിത, ചിരനവീനവും അനുക്ഷണം നൂതനവുമായനുഭവപ്പെടുകയും വേണമെന്ന് മാഘൻ പറയുന്നു (ജി.എൻ. പിള്ള, 1971:94). സാഹിത്യവിഷയം ശാശ്വതമായിരിക്കണമെന്ന് പൗരസ്ത്യചിന്തകർ അഭിപ്രായപ്പെട്ടിരുന്നു. രമണിയാർത്ഥ പ്രതിപാദകമായ ശബ്ദമാണ് കാവ്യമെന്നു നിർവചിച്ച ജഗന്നാഥപണ്ഡിതർ രമണീയതയെ വ്യാഖ്യാനിക്കുന്നത് 'ലോകോത്തരാഹ്ലാദജനകജ്ഞാനഗോചരത' എന്നാണ്. അലൗകികമായ ആഹ്ലാദം കാലദേശാദ്യുപാധികൾക്കതീതമാണ്. ചിരസ്ഥായിയായ ആത്മനിർവൃതി നൽകുവാൻ സഹായിക്കുന്നതേ ശരിയായും സാഹിത്യമാകൂ. സാഹിത്യത്തെ കലയെന്ന നിലയിൽ മാത്രമല്ല, വിദ്യയായും ഭാരതീയർ കണക്കാക്കിയിരുന്നു. നാട്യശാസ്ത്രം വിനോദത്തിനു വേണ്ടി മാത്രമല്ല, ജീവിതത്തെ ധർമ്മനിരതമാക്കുകയെന്ന ലക്ഷ്യവും അതിനുണ്ടായിരുന്നു. "ഈ കല ജീവിതത്തിന്റെ അനുകരണത്തിലൂടെ ജീവിതത്തെ ഉദാത്തവും ശോഭനവുമാക്കുന്നതെങ്ങനെയെന്ന് മഹർഷി വിശദമാക്കുന്നു" (എം. എസ്. മേനോൻ, 1995:18). ആസ്വാദനത്തിനും അനുഭൂതിക്കുമപ്പുറം ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളുടെ ജ്ഞാനം കാവ്യാസ്വാദനത്തിലൂടെ ലഭിക്കുന്നുവെന്ന് രുദ്രടൻ കാവ്യാലങ്കാരത്തിൽ അഭിപ്രായപ്പെടുന്നു. നവരസങ്ങളിൽ മുഖ്യം ശൃംഗാരമെന്നു പറയുമ്പോഴും ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളോട് ബന്ധിപ്പിച്ചു കൊണ്ടാണ് ശൃംഗാരത്തെക്കുറിച്ച് ഭോജൻ പറയുന്നത്.

## കവി, സഹൃദയൻ

കവിയെക്കാൾ കവിയുടെ കർമ്മങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് 'ഋഷിയല്ലാത്തവൻ കവിയല്ല' എന്ന സങ്കല്പം രൂപപ്പെട്ടത്. "ആത്മീയശാസ്ത്രങ്ങളിൽ 'കവി' എന്ന വാക്ക് കാണാം. അവിടെ ആ പദം പ്രയോഗിച്ചിട്ടുള്ളത് ദർശനം ഉള്ളവൻ 'ഋഷി' എന്ന അർത്ഥത്തിലാണ് ദർശനവും വർണ്ണനയും ഉള്ളവൻ എന്ന അർത്ഥത്തിൽ ജനമധ്യത്തിൽ കവിപദം രൂഢിയായിരിക്കുന്നു" (പ്രയാർ പ്രഭാകരൻ, 1999:68). രചനയും ആസ്വാദനവും ഒരുപോലെ കവിതയെ ഉത്തമമാക്കുന്നുവെന്നാണ് ഭാരതീയസങ്കല്പം. കവിക്ക് മാത്രമല്ല ആസ്വാദകനും പ്രതിഭയുണ്ടെങ്കിൽ മാത്രമേ യഥാർത്ഥ ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. 'സരസ്വത്യാസ്തത്വം കവി സഹൃദയാഖ്യം വിജയതേ' എന്ന് അഭിനവഗുപ്തൻ പറഞ്ഞിട്ടുണ്ട്. കവിയുടെ പ്രതിഭയെ' കാരയത്രി'യെന്നും അനുവാചകപ്രതിഭയെ 'ഭാവയത്രി'യെന്നും വ്യവഹരിക്കുന്നു. യഥാർത്ഥ സഹൃദയരുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠ ലഭിക്കുമ്പോഴേ കവിതാസൃഷ്ടി ചരിതാർഥയാകുന്നുള്ളൂ എന്ന പ്രാചീനകവികൾ മനസ്സിലാക്കിയിരുന്നു. കവിതയുടെ മഹത്വം അതിന്റെ രൂപസൗന്ദര്യത്തിൽ മാത്രമല്ല, അർത്ഥതലത്തിലും വ്യാപിച്ചിരിക്കുന്നുവെന്ന് ഭാരതീയസാഹിത്യകാരന്മാർ പറഞ്ഞിരിക്കുന്നു. കാവ്യാസ്വാദനത്തിലൂടെ നേടുന്ന ധർമ്മബോധത്തെക്കുറിച്ചും വിദ്യയെക്കുറിച്ചും അവർക്ക് ബോധ്യമുണ്ടായിരുന്നു. എങ്കിലും അത് സിദ്ധാന്തങ്ങളിൽ മാത്രം ഒതുങ്ങുകയാണു ചെയ്തത്. പ്രായോഗികജീവിതത്തിലും സാഹിത്യത്തിലും ഇത് പ്രാവർത്തികമാക്കുവാൻ അവർക്ക് സാധിച്ചില്ല. ഭാരതീയകാവ്യശാസ്ത്രപാരമ്പര്യത്തിൽ നിന്നാണ് മൗലികമായ നിരൂപണമാനദണ്ഡം കുട്ടികൃഷ്ണമാരാരിൽ രൂപപ്പെട്ടത്. ബാഹ്യസൗന്ദര്യത്തോടൊപ്പം ആസ്വാദകന്റെ മാനസികമായ പ്രതികരണത്തെയും ജീവിതത്തെയും ഉൾക്കൊള്ളുന്ന നിരൂപണപദ്ധതിയിൽ കുട്ടികൃഷ്ണമാരാർക്ക് അടിസ്ഥാനമായി വർത്തിച്ചത് ഭാരതീയ സാഹിത്യചിന്തയാണ്.

ISSN No: 3049-0316


## കുട്ടികൃഷ്ണമാരാരുടെ സാഹിത്യദർശനം:

രസം, ധ്വനി, അലങ്കാരം, ഔചിത്യം, രീതി, ഗുണം എന്നീ ബാഹ്യവും ആന്തരികവുമായ പ്രത്യേകതകളെല്ലാം സാഹിത്യത്തിന്റെ ധാർമികമായ ലക്ഷ്യത്തെയാണ് മുന്നിൽകണ്ടത്. എങ്കിലും അതിന്റെ പ്രായോഗികതയിൽ ജീവിതം എന്ന യാഥാർത്ഥ്യത്തിന് സ്ഥാനം നൽകിയിരുന്നില്ല. രസധ്വനി അംഗീകരിച്ചുകൊണ്ട് മഹിമഭട്ടന്റെയും ആനന്ദവർദ്ധനന്റെയും സിദ്ധാന്തങ്ങളിലുള്ള പോരായ്മകൾ പരിഹരിക്കാനാണ് കുട്ടികൃഷ്ണമാരാർ ശ്രമിച്ചത്. രസം വ്യംഗ്യമാണെന്ന ആനന്ദവർദ്ധനന്റെ അഭിപ്രായത്തെ മാരാർ എതിർക്കുന്നു. കാവ്യാത്മാവായ രസം സൗഹൃദയൻ അനുമാനിക്കുകയാണ് ചെയ്യുന്നതെന്ന മഹിമഭട്ടന്റെ വാദത്തെ അദ്ദേഹം അംഗീകരിക്കുന്നു. അജ്ഞാതപൂർവ്വവും പരോക്ഷവുമായ ഒരു സംഗതിയെപ്പറ്റി തൽസംബന്ധമായ മറ്റൊരു സംഗതിയെ അറിഞ്ഞുകൊണ്ടുണ്ടാകുന്ന ജ്ഞാനമെല്ലാം അനുമാനമാണെന്നദ്ദേഹം പറഞ്ഞു. "കാവ്യാനുമാനം ലൗകികഅനുമാനത്തേക്കാൾ വ്യാപ്തിയുള്ളതാണെന്നും അതിൽ പരിചയം വന്നേ കാവ്യാസ്വാദനം സുലഭമാവു"എന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു (കുട്ടികൃഷ്ണമാരാർ, 1991:164). വായനക്കാരന്റെ ഭാവുകത്വത്തിന്റെ മഹിമ കൊണ്ട് ഉണ്ടാകുന്ന ആസ്വാദനം അനുമാനത്തിന് കാരണമാകുന്നു. അങ്ങനെ രേചനതലം വരെ എത്തുന്ന അർത്ഥത്തിന്റെ സൂക്ഷ്മഭാവങ്ങൾ അനുവാചകമനസ്സിൽ രൂപപ്പെടുത്തുന്ന അനുമാനം ആത്മനിഷ്ഠമാണെന്ന് മാരാർ തെളിയിച്ചു. ഒരു കാവ്യത്തിൽ നിന്നും വായനക്കാർക്ക് ധ്വനിക്കുന്ന അർത്ഥം കാവ്യജ്ഞാനഗ്രാഹ്യമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. കവിയുടെ മനസ്സുമായി പൂർണമായും സംവദിക്കാൻ കഴിയുന്ന വായനക്കാരന് മാത്രമേ അതിന്റെ ആസ്വാദ്യത അനുഭവിക്കുവാൻ സാധിക്കുകയുള്ളൂ. ഇങ്ങനെ കാവ്യശാസ്ത്രങ്ങളിലുള്ള അഭ്യാസം കൊണ്ട് ഉത്തമനായ സഹൃദയന്റെ ഉചിതമായ അനുമാനം തന്നെയാണ് ധ്വനിയുടെ പൂർണ്ണതയ്ക്ക് കാരണം. രസധ്വനി അംഗീകരിക്കുന്ന കുട്ടികൃഷ്ണമാരാർ ആനന്ദവർധനനും മഹിമഭട്ടനും വിശദീകരിക്കാതെ പോയ ചില വസ്തുതകൾ വ്യക്തമാക്കാനാണ് ശ്രമിച്ചത്. ജീവിതാനുഭൂതിയുടെ വെളിച്ചത്തിൽ സാഹിത്യസിദ്ധാന്തങ്ങളെ മാരാർ പുനരവലോകനം ചെയ്തു. ധ്വനിപക്ഷത്തിലും അനുമാനപക്ഷത്തിലും സഹൃദയന്റെ കാവ്യശാസ്ത്ര വ്യുൽപ്പത്തിയോടൊപ്പം തന്നെ ജീവിതാനുഭവങ്ങൾക്കും പങ്കുണ്ട്. അതിന്റെ സാന്നിധ്യത്തിൽ മാത്രമേ ഏത് സിദ്ധാന്തത്തിനും പൂർണത നേടാനാവുകയുള്ളൂ. ഭാരതീയസാഹിത്യചിന്തയെ രസധ്വനിപക്ഷത്തോടൊപ്പം സഹൃദയന്റെ അനുമാനപക്ഷത്തുകൂടി നിലനിർത്തിക്കൊണ്ട് പുന:പ്രതിഷ്ഠിക്കുകയാണ് മാരാർ ചെയ്തത്. വിമർശനത്തിലെ ആത്മനിഷ്ഠത കുട്ടികൃഷ്ണമാരാരുടെ വിമർശനത്തിലെ മൗലികഘടകമാണ്. അതു രൂപപ്പെട്ടത് ധ്വനിനിരാസത്തിലൂടെ അവതരിപ്പിക്കപ്പെട്ട അനുമാനവാദത്തിലൂടെയാണ്.

## സാഹിത്യവിദ്യ

ജീവിതയാഥാർത്ഥ്യങ്ങളിലധിഷ്ഠിതമായ ധർമ്മസത്യങ്ങൾക്കേ നിലനിൽപ്പുള്ളൂ. 'സാഹിത്യം വിദ്യയാണ്' എന്ന കുട്ടികൃഷ്ണമാരാരുടെ ചിന്തയെ ഭാരതീയദർശനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന ഘടകം ഇതാണ്. സാഹിത്യത്തിൽ വിദ്യാംശംവും കലാംശവും ഉണ്ട്. ഈ വിദ്യാംശത്തെക്കുറിച്ച് കുട്ടികൃഷ്ണമാരാർ പറയുന്നു. "സാഹിത്യവിദ്യയുടെ ലക്ഷ്യം ജ്ഞാനലബ്ധിയാണ്, മന:സംസ്കരണമാണ്, സാഹിത്യപരിശീലനം ചെയ്യുന്ന വ്യക്തിയുടെ അന്ത:കരണവൃത്തികളിൽ സർവ്വതോൻമുഖമായ ഒരു ശുദ്ധികർമ്മം നടക്കലാണ്'" (1993,25). പദങ്ങളുടെ സംവിധാന ഭംഗിയാണ് സാഹിത്യത്തിലെ കല എന്ന വാദത്തെ എതിർത്തുകൊണ്ട് ഈ ശുദ്ധികർമ്മത്തിനുള്ള ഉപാധി മാത്രമായിട്ടാണ് കലയെ അദ്ദേഹം കാണുന്നത്. ഇങ്ങനെ കലാഭംഗിയോടെ വ്യക്തിയുടെ ജീവിതവ്യാപാരങ്ങളെ തന്നെ സ്വാധീനിക്കുന്ന സാഹിത്യവിദ്യയാണ് വിശകലനം ചെയ്യുന്ന കൃതികളിലെല്ലാം കുട്ടികൃഷ്ണമാരാർ അന്വേഷിച്ചത്. ഇതിലൂടെ മാരാർ സാഹിത്യപ്രയോജനം വായനക്കാരന്റെ ഭൗതികജീവിതത്തിനല്ല, മാനസിക ജീവിതത്തിനാണെന്ന് സ്ഥാപിച്ച് അതിനെ ആത്മീയമായ പദവിയിലേക്ക് ഉയർത്തുകയാണ് ചെയ്തതെന്ന് എം.ടി. സുലേഖ അഭിപ്രായപ്പെടുന്നു (2008:148). അബോധപൂർവ്വം അനുവാചകമനസ്സിൽ രൂപപ്പെടുന്ന ഭാവചിന്തകളുടെ സംവിധാനഭംഗിയിലാണ് സാഹിത്യത്തിലെ കലാസൗന്ദര്യത്തിന്റെ പൂർണത അദ്ദേഹം കണ്ടെത്തിയത്. സംസ്കാരതലം വരെ എത്തുന്ന അർത്ഥസംവിധാനമാണ് അതിനുള്ള ഉപാധി.വാച്യമായ അർത്ഥത്തേക്കാളുപരി വ്യംഗ്യമായ അർത്ഥതലങ്ങളാണ് മനുഷ്യമനസ്സിനെ ആഴത്തിൽ സ്വാധീനിക്കുന്നത്. ശബ്ദതലം, അർഥതലം, ഭാവതലം, സംസ്കാരതലം എന്നിങ്ങനെ സാഹിത്യം ഭാവപരമായി മനുഷ്യമനസ്സിനെ അതിന്റെ ധാർമികലക്ഷ്യത്തിൽ എത്തിക്കുന്നു. വായനയുടെ അർത്ഥവ്യാപാരങ്ങളെ ഇങ്ങനെ ക്രമീകരിക്കാമെങ്കിലും ആ ക്രമം പലപ്പോഴും വായനക്കാരൻ അറിയണമെന്നില്ല. അത്രത്തോളം സൂക്ഷ്മമാണ് അർത്ഥവ്യാപാരത്തിന്റെ പരിണാമതലങ്ങൾ. ആസ്വാദനം ഇവിടെ അഖണ്ഡമായ അനുഭവവും ദർശനവുമാകുന്നു. "രസധ്വനിയുടെ പുന:സൃഷ്ടിയായി

സാഹിത്യവിദ്യ പരിണമിക്കുന്നതും ഈ സാഹചര്യത്തിലാണ്" എന്ന് ഡോ. പി.എസ് രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നു (1999:60). രസഭാവധ്വനിയിലൂടെ കാവ്യം പരിപൂർണ്ണ നിർവഹണത്തിലെത്തിച്ചേരുമ്പോൾ അതിന്റെ ഫലമായ മന:സംസ്കരണത്തിലൂടെ സാഹിത്യവിദ്യയും പൂർണ്ണതയിലെത്തുന്നു. "ജീവിതവ്യാപാരങ്ങളുടെ പിന്നിൽ അവയ്ക്ക് പ്രേരകമായി വർത്തിക്കുന്ന ശക്തിവിശേഷത്തെ വികസിപ്പിക്കുവാനും ആ വ്യാപാരങ്ങൾക്ക് ആവശ്യമായ നിയന്ത്രണം നൽകുവാനുമുള്ള കഴിവാണ് സാഹിത്യത്തിന്റെ പരമലക്ഷ്യം" (കുട്ടികൃഷ്ണമാരാർ, 1993:47). ഇങ്ങനെ കലയും ജീവിതയാഥാർത്ഥ്യവും പരസ്പരപൂരകമാണെന്ന കാഴ്ചപ്പാടോടുകൂടിയാണ് അദ്ദേഹം സത്യവും സൗന്ദര്യവും ഒന്നാണെന്ന വാദിച്ചത് (1993:47).

## ശാശ്വതമൂല്യം

സാഹിത്യം വിദ്യയ്ക്കുള്ള ഉപാധിയാണെന്ന് പറയുമ്പോഴും ആശയങ്ങളുടെ പ്രചരണത്തിനു വേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം സാഹിത്യത്തിൽ മാരാർ അംഗീകരിക്കുന്നില്ല. സമുദായത്തിൽ ഏതവസ്ഥയിലും ഹൃദ്യവും ശ്രേയസ്കരവുമായ ആശയങ്ങളെ അടിസ്ഥാനമാക്കി വേണം എഴുത്തുകാരൻ സാഹിത്യസൃഷ്ടി നടത്തുവാൻ. ശബ്ദാർത്ഥങ്ങളും, അലങ്കാരധ്വനികളും, ഭാവരൂപങ്ങളും, കലാസദാചാരങ്ങളും സാഹിത്യത്തിൽ വേറിട്ട് നിൽക്കുന്നില്ല. ശാശ്വതമൂല്യമെന്ന വിശാലമായ അർത്ഥത്തിലാണ് സദാചാരമെന്ന വാക്ക് കുട്ടികൃഷ്ണമാരാർ പ്രയോഗിച്ചത്. ആ ശാശ്വതസത്യം സ്നേഹത്തിലധിഷ്ഠിതമാണ്. ആ സ്നേഹമാകട്ടെ സത്യവും, ശിവവും, സുന്ദരവും മനസ്സിന്റെ അത്യഗാധതയിൽ പോലുമുള്ള അഹിംസയുമാണ്. സൗന്ദര്യവും ഇതിന്റെ ഭാഗമാണെന്നംഗീകരിക്കുന്നുണ്ടെങ്കിലും കലാസൗന്ദര്യത്തെയല്ല, കലകളുടെ അടിസ്ഥാനമായ ജീവിതത്തെത്തന്നെയാണ് മഹാന്മാരായ ഋഷിമാർ നിരൂപണം ചെയ്തത്. അവരുടെ മുഖ്യവിഷയം ജീവിതത്തിനുള്ള ധർമ്മചോദനവുമായിരുന്നു. അതിനെ ഉൾക്കൊണ്ടുകൊണ്ട് "ഒരു കൃതി നിങ്ങളിലുള്ള ഏറ്റവും നല്ല അംശത്തെ തൊട്ടിളക്കുമ്പോൾ മാത്രമേ നിങ്ങൾക്ക് ശരിയായ കലാസ്വാദനമുണ്ടാകുന്നുള്ളൂവെന്നും ആ ഏറ്റവും നല്ല അംശത്തിന്റെ ചലനം തന്നെയാണ് നിങ്ങളുടെ ധർമ്മബോധവു"മെന്നദ്ദേഹം വാദിച്ചു (1989:452). വിശകലനം ചെയ്ത കൃതികളിലെല്ലാം ധർമ്മബോധത്തിലധിഷ്ഠിതമായ കലാമൂല്യമാണ് അദ്ദേഹം അന്വേഷിച്ചത്. തുള്ളൽപ്രസ്ഥാനത്തിന്റെ ചരിത്രപരമായ ലക്ഷ്യവും ദൃശ്യകലാരൂപം എന്ന ഘടനയും അദ്ദേഹം പരിഗണിച്ചിരുന്നില്ല.ഉത്തമഹാസ്യസങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ തുള്ളലിനെ അദ്ദേഹം നിശിതമായി വിമർശിച്ചു. പരപീഡനോത്സുകമായ ഹാസ്യത്തെ കുട്ടികൃഷ്ണമാരാർ അംഗീകരിക്കാത്തതും ഈ വിദ്യാംശത്തെ മുന്നിൽ കണ്ടുകൊണ്ടാണ്. ഭക്തിയുടെ അപാരതയിൽ ജീവിതയാഥാർത്ഥ്യങ്ങളെ മറന്നു കൊണ്ടുള്ള ആത്മീയതയാണ് എഴുത്തച്ഛന്റെ കിളിപ്പാട്ടിൽ അദ്ദേഹം കണ്ട ന്യൂനത. കവി ആവിഷ്കരിച്ച സാഹിത്യരൂപത്തിന്റെ യഥാർത്ഥസത്ത എന്താണെന്നുള്ള അന്വേഷണം മാരാരുടെ ഇതിഹാസപഠനങ്ങളിൽ കണ്ടെത്താം. സത്യവും ധർമ്മവും സൗന്ദര്യവും വേറിട്ട് കാണാത്തതുകൊണ്ടാണ് എഴുത്തച്ഛനെയും കുഞ്ചൻ നമ്പ്യാരെയുമൊക്കെ അംഗീകരിക്കാൻ അദ്ദേഹം തയ്യാറാകാത്തത്." ഭൂതകാലത്തിലെ വലിയ കലാകാരന്മാരുടെ കലയും ദർശനവും പുതിയ എഴുത്തുകാരന്റെ സർഗ്ഗാത്മകമായ സംശയങ്ങളോടും വർത്തമാനകാല മൂല്യങ്ങളോടുംഏറ്റുമുട്ടിതെളിയുമ്പോഴാണ്ഭൂതകാലത്തിൽനിന്ന്പുതിയഎഴുത്തുകാരൻഉൾക്കൊള്ളുന്നസംസ്കാരം ചലനാത്മകമായ പാരമ്പര്യമായിത്തീരുന്നത്" (കെപി അപ്പൻ, 1992:49). ഈ ചലനാത്മകതയായിരിക്കും ഒരു എഴുത്തുകാരന്റെ രചനയുടെ ജീവൻ. സംസ്കാരത്തിന്റെ ഭാഗമായിത്തന്നെ അയാളിലലിഞ്ഞു ചേർന്ന പാരമ്പര്യം ജീവിതാനുഭവങ്ങളിലൂടെയും വിജ്ഞാനത്തിലൂടെയും നൂതനമായ ആവിഷ്കാരരീതികൾ കണ്ടെത്തുന്നു. "കവിയിൽ കലാകാരൻ മാത്രമല്ല ലോകത്തെ സംസ്കാരാഭിവൃദ്ധിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഒരു തത്വജ്ഞാനി കൂടി ഒതുങ്ങിയിരിക്കുന്നുണ്ട്" (2006:10) എന്ന തലത്തിലേക്കുള്ള സാഹിത്യവീക്ഷണം ഇതിഹാസകൃതികളുടെ മൂല്യമുൾക്കൊണ്ട വിമർശകന്റേതാണ്. പ്രായോഗികനിരൂപണത്തിലും സൈദ്ധാന്തികതലത്തിലും ശാശ്വതമായ ഭാരതീയമൂല്യങ്ങൾ കണ്ടെത്താനാണ് കുട്ടികൃഷ്ണമാർ ശ്രമിച്ചത്. എങ്കിലും സാഹിത്യം സാഹിത്യം തന്നെയായിരിക്കണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. രചയിതാവിന്റെയും വിമർശകന്റെയും ആത്മനിഷ്ഠമായ സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് അദ്ദേഹം വാദിച്ചത്.സൂക്ഷ്മമായ ഭാവങ്ങളെ ആവിഷ്കരിച്ച് രസഭാവവ്യക്തിയാൽ ആർദ്രമായ അനുവാചകഹൃദയത്തിൽ സംസ്കാരത്തിന്റെ മൂല്യബോധം മായാത്തവിധം സാഹിത്യകാരൻ പതിച്ചിടുമ്പോൾ സാമൂഹ്യപുരോഗതിയും സാധ്യമാകും. ശാശ്വതമായ മൂല്യവിഷ്കാരത്തിലൂടെ മാത്രമേ ശാശ്വതമായ സാമൂഹികപുരോഗതിയുണ്ടാവുകയുള്ളു വെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു അതുകൊണ്ടുതന്നെ 'പ്രേമം' എന്ന ശാശ്വതമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ദേശാചാരത്തെ എതിർത്ത കാവ്യം എന്ന നിലയിൽ കുമാരനാശാന്റെ ലീലയെ നോക്കി കാണാൻ അദ്ദേഹത്തിന് സാധിച്ചു. പുരോഗമനപരമായ ആശയങ്ങളെ വിവേകത്തോടെ നോക്കിക്കണ്ടതിന്റെ ഫലമാണിത്. ഒരു വ്യക്തിയുടെ

 ISSN No: 3049-0316 

ജീവിതം പൂർണമായി അവന്റെ ഇച്ഛാശക്തിക്ക് വിധേയമാണെന്നും ആ ഇച്ഛാശക്തിയെ മെനഞ്ഞെടുത്തു കൊണ്ട് വേണം സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാനെന്നും മാരാർ വാദിച്ചു. സമകാലികജീവിതത്തിൽ മാത്രമല്ല എക്കാലത്തും മനുഷ്യജീവിതത്തിന് മാർഗദർശനമാണ് ഭാരതത്തിന്റെ സാംസ്കാരികപൈതൃകം. ജീവിതത്തിലെ മാറ്റങ്ങൾക്കനുസരിച്ച് കലയും സാഹിത്യവും ആസ്വാദനരീതിയും മാറി. എങ്കിലും ജീവിതമൂല്യത്തിലൂന്നിയ സമൂഹത്തിന് മാത്രമേ ശാശ്വതമായ നിലനിൽപ്പുണ്ടാവുകയുള്ളൂ. ഈ ശാശ്വതമൂല്യമാണ് വിശകലനം ചെയ്ത കൃതികളിലെല്ലാം കുട്ടികൃഷ്ണമാരാർ അന്വേഷിച്ചത്. സാഹിത്യം ജീവിതത്തിന്റെ ഭാഗമാണ്. അതിനെ വിശകലനം ചെയ്യുമ്പോൾ ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് നിരൂപകനുണ്ടായിരിക്കണമെന്ന് ഐ.എ റിച്ചാർഡ്സ് അഭിപ്രായപ്പെട്ടിട്ടുണ്ട് (1995:114).

## മനഃശാസ്ത്രദർശനം

സംസ്കൃതപാരമ്പര്യത്തിൽ നിന്നുള്ള ഊർജ്ജത്തിലൂടെയാണ് സ്വതന്ത്രചിന്താഗതി കുട്ടികൃഷ്ണമാരാരിൽ വളർന്നത്. 'മനസ്സ്' എന്ന യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞ് ജീവിതത്തിൽ അതിന്റെ സുപ്രധാനമായ സ്ഥാനം ഉറപ്പിച്ചുകൊണ്ടാണ് അമാനുഷികകഥാപാത്രങ്ങളെപ്പോലും പ്രാചീനകവികൾ അവതരിപ്പിച്ചത്. അത്തരം കഥാപാത്രങ്ങളുടെ ശാശ്വതമായ മാനുഷികഭാവം ഗ്രഹിക്കാൻ സാധാരണവായനക്കാർക്ക് സാധിക്കുകയില്ല. സാഹിത്യത്തിന്റെ ജോലി മനുഷ്യമനസ്സിന്റെ സംസ്കരണമാണെന്ന് വാദിക്കുമ്പോൾ സാഹിത്യത്തിലെ കലയും വിദ്യയുമെല്ലാം ഉപബോധമനസ്സിനനുകൂലമായ രീതിയിൽ രൂപപ്പെടുത്തുമ്പോൾ മാത്രമാണ് അവ സംസ്കാരത്തിന് അനുയോജ്യമായിത്തീരുന്നതെന്ന് മനസ്സിലാക്കിക്കൊണ്ടാണ് തന്റെ നിരൂപണകൃതികൾ കുട്ടികൃഷ്ണമാരാർ രചിച്ചത്. ഭൗതികജീവിതത്തെ നിഷേധിച്ചു കൊണ്ടല്ല,അതിന്റെ എല്ലാ വൈചിത്ര്യങ്ങളെയും ഉൾക്കൊണ്ടുകൊണ്ടുള്ള ആത്മീയതയാണ് ഋഷികവികൾ ഉപദേശിച്ചത്. ഇത്തരം മാനസികഭാവങ്ങളുടെ തിരിച്ചറിവിലൂടെയാണ് പാശ്ചാത്യമായ മന:ശാസ്ത്രസിദ്ധാന്തങ്ങൾക്ക് യോജിച്ച നിരൂപണരീതി അദ്ദേഹത്തിന് സ്വായത്തമായത്. ഭാരതീയദർശനങ്ങളുടെ അടിസ്ഥാനത്തിൽ മനോവിശകലനരീതിയിൽ മനസ്സും സംസ്കാരവും സമൂഹവും വൈയക്തികജീവിതത്തെ എങ്ങനെയെല്ലാം ബാധിക്കുന്നുവെന്ന് ചിന്തിച്ച അദ്ദേഹം വ്യക്തിയുടെ മാനസികപക്ഷത്താണ് നിൽക്കുന്നത്. കുട്ടികൃഷ്ണമാരാരുടെ സമകാലികരിൽ കാണാത്ത ഈ വ്യത്യസ്തത അദ്ദേഹത്തിന്റെ കൃതികളെ വിപ്ലവാത്മകമായ രീതിയിൽ വേറിട്ട് നിർത്തുന്നു.രാമായണ, മഹാഭാരതകഥകൾ കേട്ട് വികാസം പൂണ്ട മനസ്സായിരുന്നു മാരാരുടേത്. ജീവിതസംഘർഷങ്ങളിൽ ശാശ്വതമായ പരിഹാരം ധർമ്മത്തിലൂടെ ഉപദേശിക്കുന്ന ഇതിലെ തത്വങ്ങൾ ആഴത്തിൽ മനനം ചെയ്ത മനസ്സോടെ സമീപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിലൂടെ ധർമ്മം, അഹിംസ തുടങ്ങിയ ശാശ്വതമൂല്യങ്ങളുടെ തലത്തിൽ അനുവാചകനെ എത്തിക്കാൻ ബാധ്യസ്ഥനാണ് എഴുത്തുകാരനെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. പുരാണകഥാസന്ദർഭങ്ങൾ പുനരാഖ്യാനം ചെയ്തുകൊണ്ട് പുതിയ അർത്ഥതലങ്ങളിലൂടെ ഭൂതകാലത്തിന്റെ നന്മകളെ ആവിഷ്കരിക്കാനും തിന്മകളെ തിരസ്കരിക്കാനും കുട്ടികൃഷ്ണമാരാർക്ക് കഴിഞ്ഞു.മനുഷ്യർക്ക് അറിവും അനുഭൂതിയും പകർന്നു കൊടുക്കുന്നതോടൊപ്പം അവരെ സന്മാർഗികളും സംസ്കാരചിത്തരുമാക്കിത്തീർക്കേണ്ട കടമ സാഹിത്യകാരനുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു."ഇതിഹാസമൂല്യദർശനത്തിൽ നിന്നും കുറഞ്ഞ ഒരാത്മാവബോധത്തിൽ നിന്നായിരുന്നില്ല മാരാർ തന്റെ കാവ്യ വീക്ഷണം രൂപപ്പെടുത്തിയത്. ധർമ്മത്തേക്കാൾ കർമ്മത്തിന് പ്രാധാന്യം നൽകുന്ന നിരീക്ഷണത്തിലൂടെ, സദാചാരനിയമങ്ങളെയും ധാർമികമായ നിർവചനങ്ങളെയും പ്രായോഗികജീവിതപശ്ചാത്തലത്തിൽ പുനർമൂല്യനിർണയം ചെയ്യുകയാണദ്ദേഹം. വ്യക്തിയേയും സമൂഹത്തെയും അദ്ദേഹം വിലയിരുത്തിയത് "മനസ്സ്" എന്ന ഘടകത്തിന്റെ അടിസ്ഥാനത്തിലാണ്. ആധുനിക മന:ശാസ്ത്രസിദ്ധാന്തങ്ങൾക്ക് സമാനമായ നിരീക്ഷണങ്ങളാണ് അദ്ദേഹം അവതരിപ്പിച്ചത്. സാംസ്കാരികവും സദാചാരപരവുമായ കാഴ്ചപ്പാടിനുപരിയായി മനുഷ്യമനസ്സിലെ സ്വാഭാവികമായ വാസനകളുടെ ഗതിവേഗമെന്ന നിലയിലാണ് മഹാഭാരതത്തിലെയും രാമായണത്തിലെയും കഥാപാത്രങ്ങളെ അദ്ദേഹം വിലയിരുത്തിയത്.ജന്മസഹജമായ വാസനകളെ ഭൗതികജീവിതത്തിന് ഉപയോഗപ്രദമായ രീതിയിൽ മാറ്റുമ്പോളുണ്ടാകുന്ന ജീവിതമൂല്യമാണ് മാരാർ അന്വേഷിച്ചത്.

മഹാഭാരതത്തിലെ ഭഗവത്ഗീത ഫലേച്ഛ കൂടാതെയുള്ള സ്വധർമാനുഷ്ഠാനത്തിനുള്ള സന്ദേശമാണ് നൽകുന്നത്. സ്നേഹം, ദയ, ഭക്തി തുടങ്ങിയ മാനസികമൂല്യങ്ങൾക്ക് പൂർണ്ണത നൽകുന്നത് ഈ കർമ്മാനുഷ്ഠാനമാണ്. മാരാരുടെ ജീവിതദർശനത്തെത്തന്നെ സ്വാധീനിച്ച വരികളാണ് "നേശേ ബലസ്യേതി ചരേതധർമ്മം" (ബലസ്യ ഈശേ ഇതി അധർമ്മം ന ചരേത്- ബലത്തിനാളാണെന്നു വെച്ച് അധർമ്മം ചെയ്യരുത്) എന്ന മാർക്കണ്ഡേയ വാക്യത്തിന് കർമ്മത്തിന്റെ പ്രാധാന്യത്തെ അംഗീകരിച്ചുകൊണ്ട് 'ബലസ്യ

ന ഈശേ ഇതി അധർമ്മം ചരേത്'- താൻ ബലത്തിനാലല്ല എന്നു വന്നാൽ അധർമ്മം ചെയ്യാം.അതായത് താൻ ബലത്തിന് ആളല്ലെന്നു വെച്ച് ചെയ്യുന്നതെന്തും അധർമ്മമാണ് എന്ന് അദ്ദേഹം വ്യാഖ്യാനിച്ച (1999:56). ധർമ്മത്തിന്റെ ചിരപ്രതിഷ്ഠിതമായ വീക്ഷണത്തെ തന്നെ മാറ്റിമറിച്ചുകൊണ്ട് ബലവത്തതാബോധത്തിന് വിധിയെപ്പോലും മാറ്റിമറിക്കാനുള്ള ശക്തിയുണ്ടെന്നദ്ദേഹം വാദിച്ചു. ധർമ്മത്തിന്റെ വിവിധ തലങ്ങൾ വിശകലനം ചെയ്തുകൊണ്ട് സാധാരണജീവിതത്തിന്റെ ഭാഗമാകുന്നതെങ്ങനെയെന്ന് 'ഭാരത പര്യടന'ത്തിലൂടെ കാട്ടിത്തന്നു. സാമാന്യബുദ്ധിക്ക് മനസ്സിലാകുന്നതിനപ്പുറം നിഗൂഢമായ ധാർമികമൂല്യങ്ങൾ പുതിയ അപഗ്രഥനതന്ത്രങ്ങളിലൂടെ അദ്ദേഹം വെളിപ്പെടുത്തി. രാമായണവും മഹാഭാരതവും ഭക്തിയേക്കാളുപരി യുക്തിപൂർവ്വമായ ചിന്തയ്ക്ക് വിധേയമാക്കിക്കൊണ്ട് ധർമ്മവും നീതിയും പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിലൂടെ പ്രസക്തമാകുന്നതെങ്ങനെയെന്ന് അദ്ദേഹം കാണിച്ചുതന്നു. ഭൂതകാലത്തെക്കുറിച്ചുള്ള ബോധം മാത്രമല്ല വർത്തമാനകാലത്തിലും അതിന് പ്രസക്തിയുണ്ടെന്നറിഞ്ഞ് പ്രയത്നത്തിലൂടെ പാരമ്പര്യത്തെ സ്വീകരിക്കുമ്പോഴാണ് എഴുത്തുകാരൻ പാരമ്പര്യബോധമുള്ളവനായിത്തീരുന്നത്. എഴുത്തുകാരന്റെ മനസ്സ് എപ്പോഴും ജീവിതാന്തരീക്ഷവുമായി ചടുലമായി സംവേദിക്കുന്നുണ്ട്. എഴുത്തുകാരന്റെ വ്യക്തിത്വത്തിന്റെ നിർണായകഘടകമാണിത്. പൊരുത്തപ്പെടാനാകാത്ത ജീവിതസാഹചര്യങ്ങളിൽ സാഹിത്യകാരൻ തന്റേതായ രീതിയിൽ ജീവിതത്തെ വ്യാഖ്യാനിക്കുന്നു. സാഹിത്യം അതിനുള്ള ഉപാധി മാത്രം. "അർഹത യുള്ളവർ അതിജീവിക്കുന്ന മുതലാളിത്തഭൗതികവാദമൂല്യ നിലപാടുകളുടെയും ആത്മീയനിലപാടുകളുടെയും വംശീവാദപരമായ കലാസങ്കല്പങ്ങളുടെയും നിഷേധമായിരുന്നു മാരാരുടെ സർഗ്ഗാത്മകജീവിതവും കലാപ്രവർത്തനവും" എന്ന് ഷൂബ കെ എസ് രേഖപ്പെടുത്തുന്നുണ്ട് (2010:112). പാരമ്പര്യരീതിയിൽനിന്നുള്ള പരിവർത്തനം സാമൂഹികാവശ്യമെന്ന നിലയിൽ നവീകരിക്കാൻ അക്കാലത്തെ മറ്റു സാമൂഹ്യപരിഷ്കർത്താക്കളും കൂടിയായ സാഹിത്യകാരന്മാരെപ്പോലെ അദ്ദേഹവും ശ്രമിച്ചു.

### കല ജീവിതം തന്നെ

സുസ്ഥാപിതമായ ജീവിതസിദ്ധാന്തങ്ങളിലല്ല, പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിലാണ് സാഹിത്യ ത്തിലെ വിദ്യാത്വം മാരാർ കണ്ടെത്തുന്നത്. സാഹിത്യം ധാർമികവും സാംസ്കാരികവുമായ ലക്ഷ്യം നേടുന്നത് ജീവിതയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുമ്പോഴാണ്. ഒരു കഥാപാത്രത്തിന്റെമേൽ ഗുണങ്ങളുടെ ഒരു പട്ടിക ചാർത്തി കൊടുത്തതുകൊണ്ട് അയാൾ ഗുണവാനാണെന്ന് വരില്ല, ഗുണങ്ങൾ വെളിപ്പെടേണ്ടുന്ന തക്ക സന്ദർഭം ഉണ്ടാക്കി അവയെ സൂചിപ്പിച്ചാലേ ഫലം കിട്ടൂ. അങ്ങനെ ജീവിതയാഥാർത്ഥ്യങ്ങളെയും മനുഷ്യമഹത്വത്തെയും തമ്മിലിണക്കിക്കാണിപ്പാനാണ് മഹാകവികൾ ആയാസപ്പെടുന്നത്" (1993:35). വിക്ടർ ഹ്യൂഗോയുടെ പാവങ്ങൾ പോലുള്ള കൃതികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കല ജീവിതത്തെ എങ്ങനെ സ്പർശിക്കുന്നുവെന്ന് അദ്ദേഹം വെളിപ്പെടുത്തി. അതിലൂടെ കല ജീവിതം തന്നെയാണെന്ന മൗലികദർശനത്തിലാണദ്ദേഹം എത്തിയത്. പാരമ്പര്യരീതിയിൽ നിന്ന് വ്യതിരിക്തമായ സാഹിത്യ വീക്ഷണം കുട്ടികൃഷ്ണമാരാർക്ക് സ്വായത്തമായതിൽ നിർണായകമായ പങ്ക് നാലപ്പാട്ട് നാരായണമേനോനുണ്ട്. അദ്ദേഹം വിവർത്തനം ചെയ്ത പാവങ്ങളുടെ വായന മാരാരിൽ സാഹിത്യവും ജീവിതവുമായുള്ള ബന്ധത്തിന്റെ സൂക്ഷ്മതലം വരെ വെളിപ്പെടുത്തിക്കൊടുത്തു. ഭക്തിയുടെ അലൗകികതയിൽ പ്രതിഷ്ഠിക്കപ്പെട്ട കൃതികളുടെ ഭൗതികതലത്തെക്കുറിച്ച് ചിന്തിക്കുവാൻ അത് പ്രേരണയായി. തികച്ചും മൗലികമെന്നവകാശപ്പെടാവുന്ന മാരാരുടെ കൃതികളും (ഭാരതപര്യടനം, വാല്മീകിയുടെ രാമൻ,മേഘസന്ദേശം) സാഹിത്യസിദ്ധാന്തങ്ങളുമെല്ലാം നാലപ്പാട്ട് നാരായണമേനോനുമായുള്ള സൗഹൃദത്തിന്റെ സംഭാവനയാണ്. കേരളത്തിന്റെ രാഷ്ട്രീയരംഗത്തെന്നപോലെ സാഹിത്യരംഗത്തും സജീവമായിരുന്ന മാർക്സിയൻസിദ്ധാന്തങ്ങളുടെ പ്രചാരണരീതിയോട് മാരാർ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സിദ്ധാന്തങ്ങളോടായിരുന്നില്ല, മറിച്ച് അതിന്റെ പ്രായോഗികതയിലുള്ള വിയോജിപ്പാണ് അദ്ദേഹം പ്രകടിപ്പിച്ചത്. മാരാരുടെ വിമർശകവ്യക്തിത്വത്തെ സ്വാധീനിച്ച മറ്റൊന്ന് മഹാത്മാഗാന്ധിയുടെ ജീവിതവും ദർശനവുമായിരുന്നു. ആസ്തികത അന്ധമായ ഈശ്വരവിശ്വാസമല്ലെന്നും മറിച്ച് വ്യക്തിയുടെ പ്രായോഗികമായ സ്വഭാവത്തിലും പ്രവർത്തിയിലുമാണ് ഈശ്വരചൈതന്യം കാണേണ്ടതെന്നും മാരാർ വിശ്വസിച്ചിരുന്നു."സ്വയം നാസ്തികരെന്ന് വിശ്വസിക്കുന്ന ചില ആളുകളിലുള്ള ആ ബുദ്ധിവൈഭവത്തെയും ആ സ്നേഹവായ്പിനെയും ആ ത്യാഗധീരതയെയും നിർഭയതയുമെല്ലാം ഈശ്വരീയ വിഭൂതികളായി കാണാൻ കഴിയുകയാണ് ആസ്തികതയുടെ ആരംഭം" (1991:27). ഭൗതികതലത്തോടൊപ്പം ഒരു ആത്മീയതലവും മനുഷ്യമനസ്സിലുണ്ട്. ഭൗതികതലത്തിലെ പ്രശ്നങ്ങളെ മനുഷ്യൻ നേരിടുന്നത് ഈ ആത്മീയതലത്തിൽ നിന്നുകൊണ്ടാണ് സർഗാത്മകവ്യക്തിത്വമുള്ളവർ ലൗകികജീവിതത്തെ

 ISSN No: 3049-0316 

സർഗ്ഗവ്യാപാരമാകുന്ന ആത്മീയാനുഭവത്തിലൂടെ പകരുകയാണ്. സാഹിത്യം ബ്രഹ്മാനന്ദസോദരമെന്ന പൗരസ്ത്യദർശനം ഇതിന്റെ സൂചനയാണ്.

## സാഹിത്യപക്ഷപാതം

ഒരേ കൃതിയുടെ നിരൂപണങ്ങളിലെ വ്യത്യസ്തതയ്ക്ക് കാരണം സഹൃദയന്റെ വ്യക്തിത്വം അതിൽ ലയിക്കുന്നതാണ്. സാഹിത്യത്തിൽ ഗുണദോഷങ്ങളുടെ പ്രമാണം സഹൃദയന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾ മാത്രമാണെന്ന് വിശ്വസിക്കുന്ന കുട്ടികൃഷ്ണമാരാർ 'നിഷ്പക്ഷനിരൂപണം' എന്നൊന്നില്ല എന്ന നിലപാട് അവതരിപ്പിച്ചു." ആർക്കും തന്റെ വ്യക്തിപരമായ കഴിവിനും അഭിരുചിക്കുമൊത്തവണ്ണമേ ഒരു കലാവസ്തുവിനെ കാണുവാനും ആസ്വദിക്കാനും സാധിക്കൂ.അതനുസരിച്ച് എഴുതുവാനും സാധിക്കൂ. എങ്കിലും ഒരാൾ ആ സ്വപക്ഷപാതത്തെ ആവുന്നത്ര ഒതുക്കി വസ്തുസ്വരൂപം മാത്രം വിവരിക്കാൻ നോക്കുകയാണെങ്കിൽത്തന്നെ അതിനു വ്യാഖ്യാനമെന്ന പേരാണുചിതം നിരൂപണമെന്നല്ല" (1989:168). സാങ്കേതികവും സാമൂഹികവും ധാർമികവുമായ വിലക്കുകൾക്കതീതമായി സ്വന്തം സ്വത്വത്തെ രചനയിലാവിഷ്കരിക്കുവാൻ വിമർശകന് കഴിയണം.സാഹിത്യകൃതിയെക്കുറിച്ചുള്ള നിലപാടും ഈ പക്ഷപാതവാദത്തിൽ തെളിയുന്നുണ്ട്. രാമായണവും മഹാഭാരതവും മാത്രമല്ല എഴുത്തച്ഛന്റെയും നമ്പ്യാരുടെയുമൊക്കെ കൃതികളെ പരമ്പരാഗതകാഴ്ചപ്പാടിലല്ല വ്യക്തിപരമായസ്വാതന്ത്ര്യത്തോടെയാണ് മാരാർ സമീപിക്കുന്നത്. കാവ്യാസ്വാദനത്തിന് ശബ്ദതലം,അർത്ഥതലം,ഭാവതലം സംസ്കാരതലം എന്നീ ആസ്വാദനസ്ഥാനങ്ങൾ കുട്ടികൃഷ്ണമാരാർ കണ്ടെത്തുന്നുണ്ട്.അങ്ങനെ സംസ്കാരതലം വരെ തൃപ്തിപ്പെടുത്തുവാൻ കഴിയുന്ന കൃതികൾക്ക് പക്ഷപാതിയായ വിമർശകനെക്കൊണ്ടുപോലും നല്ലത് പറയിക്കുവാൻ കഴിയുമെന്ന് അദ്ദേഹത്തിന് ഉത്തമവിശ്വാസമുണ്ടായിരുന്നു. സൃഷ്ടിയും ആസ്വാദനവും ആത്മനിഷ്ഠമാണെന്ന് വാദിച്ച കുട്ടികൃഷ്ണമാരാരുടെ വിമർശനാദർശങ്ങളുടെ സ്വാഭാവികമായ പ്രതികരണം തന്നെയാണ് പക്ഷപാതസിദ്ധാന്തവും. വിമർശകന്റെ അഭിരുചിയോട് സാഹിത്യകൃതികൾ സംവദിക്കുമ്പോഴുള്ള ഭാവപക്ഷത്തോടുള്ള ചായ്‌വ് മാത്രമായിട്ടാണ് ഈ വാദത്തെ കാണേണ്ടത്.

തന്റെ ചുറ്റുപാടുമുള്ള ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് ഒരു സാഹിത്യകാരൻ രചന നിർവഹിക്കുന്നത്. ഇവിടെ സാഹിത്യകാരന്റെ പക്ഷപാതങ്ങളാണ് പ്രധാനം.നിരൂപണം ചെയ്യുന്ന കൃതിയെ സംബന്ധിച്ച് നിരൂപകനും വ്യക്തിപരമായ ചില നിഗമനങ്ങൾ രൂപപ്പെടുന്നത് കഴിവിനും അഭിരുചിക്കുമൊത്തവണ്ണമാണ്. വ്യക്തിപരമായ ആസ്വാദനത്തിനും അഭിപ്രായത്തിനും സ്വാതന്ത്ര്യം നൽകിക്കൊണ്ട്,നിങ്ങൾക്ക് ഏത് കവിയിലും കാവ്യത്തിലും ആശയസംഘാതത്തിലും ഗുണം കാണുവാൻ സാധിക്കുന്നുവോ ആ ഗുണം അന്യരുടെ ദൃഷ്ടിയിൽ ദോഷമാണെങ്കിൽകൂടി അവയുടെ പക്ഷത്തിലേക്ക് ചാഞ്ഞുനിന്നു കൊള്ളുക,ആ ഗുണപക്ഷപാതത്തെ തുറന്നു സമ്മതിച്ചു കൊള്ളുക,അതിനുവേണ്ടി പടവെട്ടിക്കൊള്ളുക" (1993:90). എന്നു ധീരമായി പ്രഖ്യാപിച്ചുകൊണ്ട് സ്വന്തം നിരൂപണമാനദണ്ഡം തന്നെയാണ് മാരാർ അറിയിച്ചത്.

കഥാപാത്രങ്ങളുടെ മാനസികതലത്തിലൂടെ പ്രകടമാകുന്ന ഭാവവൈചിത്ര്യങ്ങൾ ആവിഷ്കരിച്ചത് മലയാളനിരൂപണത്തിൽ പുതുമ തന്നെയായിരുന്നു. താരതമ്യവിമർശനത്തിന്റെ ഉത്തമമാതൃകകളിലൂടെ കൃതികളുടെ സൂക്ഷ്മഭാവങ്ങളെ പോലും വിവൃതമാക്കാൻ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചു. ഇംഗ്ലീഷ് ഭാഷാവിജ്ഞാനം നേടിയിട്ടും മുണ്ടശ്ശേരി പോലും ആശാൻ വരെയുള്ള കവികളുടെ കൃതികളെ വിശകലനം ചെയ്തിരുന്നുള്ളൂ. കുട്ടികൃഷ്ണമാരാകട്ടെ സമകാലീനസാഹിത്യത്തിൽ ശ്രദ്ധേയരായ ചങ്ങമ്പുഴ, ജി,ശങ്കരക്കുറുപ്പ്, എൻ.വി കൃഷ്ണവാരിയർ തുടങ്ങിയ കവികളുടെ കവിതകളെ വിമർശനവിധേയമാക്കി. പരിമിതമെങ്കിലും ആധുനിക ഗദ്യസാഹിത്യകൃതികളെയും വിലയിരുത്താൻ അദ്ദേഹം ശ്രമിച്ചു. സാഹിത്യം വിദ്യയെന്ന കാഴ്ചപ്പാടിലൂടെ കലാംശത്തെ വിസ്മരിക്കുകയല്ല; മറിച്ച് ഉന്നതമായ തലത്തിൽ സാഹിത്യത്തെ നോക്കിക്കാണുകയാണദ്ദേഹം ചെയ്തത്. വിദ്യയിലൂടെ വ്യക്തിയെയും സമൂഹത്തെയും മാറ്റിമറിച്ച് സമൂഹത്തിൽ ശാശ്വതമൂല്യങ്ങൾ ഉറപ്പിക്കുന്ന സാംസ്കാരികമൂല്യമാണദ്ദേഹം തിരിച്ചറിഞ്ഞത്. പശ്ചാത്യസാഹിത്യത്തിന്റെ വരവോടെ പാരമ്പര്യത്തെ നിഷേധിക്കാനുള്ള പ്രേരണ വളർന്നുവന്നപ്പോൾ ആ പാരമ്പര്യത്തിന്റെ ശാശ്വതമൂല്യങ്ങൾ ജീവിതത്തിലും സാഹിത്യത്തിലും പകർന്നു നൽകാൻ കുട്ടികൃഷ്ണമാരാർക്ക് സാധിച്ചു. പാരമ്പര്യത്തെ അതേപടി സ്വീകരിക്കുകയല്ല ആത്മാവിഷ്കരണത്തിലൂടെ നൂതനമായ മാനം അതിന് കൈവരുത്തുകയാണ് അദ്ദേഹം ചെയ്തത്.

## ഉപസംഹാരം

സാഹിത്യവിദ്യ, ശാശ്വതമൂല്യം, കല ജീവിതം തന്നെ, നിരൂപണപക്ഷപാതം എന്നീ മൗലിക വിഷയങ്ങളുടെ അടിസ്ഥാനം ഭാരതീയസാഹിത്യദർശനത്തിൽ നിന്നാണ് കുട്ടികൃഷ്ണമാരാർ സാംശീകരിച്ചത്. ഭാരതീയദർശനത്തിലെ ധാർമികചിന്തയെ പ്രായോഗികജീവിതത്തിന്റെ അടിസ്ഥാനത്തിൽ പുനരാവിഷ്കരിച്ച് സാഹിത്യം വിദ്യയാണെന്നുള്ള സങ്കല്പം മാരാർ അവതരിപ്പിക്കുന്നു. അനുവാചകമനസ്സിൽ രൂപപ്പെടുന്ന ഭാവചിന്തകളുടെ സംവിധാനഭംഗിയിലൂടെ സംസ്കാരതലം വരെയെത്തുന്ന അർത്ഥസംവിധാനമാണ് അതിനുള്ള ഉപാധിയായി അദ്ദേഹം കണ്ടത്. കലകളുടെ അടിസ്ഥാനമായ ജീവിതത്തെ നിരൂപണം ചെയ്ത ഋഷിമാരുടെ ദർശനമാണ് ശാശ്വതമൂല്യസങ്കല്പത്തിന് മാരാർക്ക് പ്രേരണയായത്. രാമായണ, മഹാഭാരതകഥകൾ ജീവിതയാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ പുനർവിചിന്തനം ചെയ്തുകൊണ്ട് ശാശ്വതമൂല്യങ്ങളെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ അദ്ദേഹം അവതരിപ്പിച്ചു. അതിലൂടെ അതിന്റെ ജീവിതമൂല്യമാണദ്ദേഹം കണ്ടെത്തിയത്. വ്യക്തിപരമായ ആസ്വാദനത്തിനും വിശകലനത്തിനും സ്വാതന്ത്ര്യം നൽകിക്കൊണ്ടാണ് നിരൂപണം ഗുണപക്ഷപാതമാണെന്ന് അദ്ദേഹം വാദിച്ചത്. നിരൂപണം ചെയ്ത കൃതികളിലെല്ലാം മാരാരുടെ ഈ ഗുണപക്ഷപാതം തന്നെയാണ് തെളിയുന്നത്. നിരൂപണത്തിലെ ഈ സ്വാതന്ത്ര്യം അദ്ദേഹം ആസ്വാദകന് അനുഭവപ്പെടുത്തിക്കൊടുക്കുകയാണ് ചെയ്തത്. അതിലൂടെ പരമ്പരാഗതമായ ദർശനങ്ങളെയും നിലപാടുകളെയും സ്വതസിദ്ധമായ ശൈലിയിൽ പുനരാവിഷ്കരിക്കാൻ അദ്ദേഹം ശ്രമിച്ചു. സാഹിത്യകാരൻ ബാഹ്യമായി പറയാത്ത വായനയുടെ അർത്ഥ, ഭാവ, തലങ്ങൾ മാരാർവിമർശനത്തിന്റെ മുഖമുദ്രയായിരുന്നു. അങ്ങനെ ഭാരതീയ സാഹിത്യദർശനങ്ങൾ സ്വായത്തമാക്കിയ മനസ്സോടെയാണ് തന്റെ നിരൂപണമാനദണ്ഡം കുട്ടികൃഷ്ണമാരാർ രൂപപ്പെടുത്തിയത്. സംസ്കൃത പാരമ്പര്യത്തെ നിഷേധിച്ചവർക്കെതിരെ പ്രതികരിച്ചുകൊണ്ട് ആ പാരമ്പര്യത്തിന്റെ ശക്തി തന്റെ വിമർശനകൃതികളിലൂടെ അദ്ദേഹം വെളിപ്പെടുത്തി. സർഗാത്മകസാഹിത്യം പോലെതന്നെ വിമർശനവും സർഗാത്മകമാണെന്ന് സഹൃദയരെ ബോധ്യപ്പെടുത്താൻ കുട്ടികൃഷ്ണമാരാരുടെ വിമർശനരീതിക്ക് സാധിച്ചു. സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിൽ വ്യക്തിമനസ്സിന്റെ പ്രാധാന്യവും സ്ഥാനവും അടയാളപ്പെടുത്തിയ സർഗാത്മക വിമർശകനാണ് കുട്ടികൃഷ്ണമാരാർ. അബോധമനസ്സ് ബോധമനസ്സ് പോലെ തന്നെ പ്രധാനമാണെന്നദ്ദേഹം വാദിച്ചു. നിരൂപണം ആത്മനിഷ്ഠമാണെന്ന് വാദിക്കാൻ കുട്ടികൃഷ്ണമാരാരെ പ്രേരിപ്പിച്ചത് സ്വന്തം മാനസികഭാവങ്ങൾക്കനുസൃതമായ സ്വന്തം നിരൂപണങ്ങൾ തന്നെയാണ്. സാഹിത്യ, സാമൂഹികരംഗത്ത് രൂപപ്പെട്ട പൊതുപ്രസ്ഥാനങ്ങളെയെല്ലാം സ്വകീയമായ ദർശനത്തിൽ വിലയിരുത്താനാണ് കുട്ടികൃഷ്ണമാരാർ ശ്രമിച്ചത്. ഒരു കൃതിയെ സമഗ്രമായി വിശകലനം ചെയ്യുന്ന രീതി പൗരസ്ത്യ സാഹിത്യവിമർശനത്തിലുണ്ടായിരുന്നില്ല. വിശകലനം ചെയ്യുന്ന കൃതിയെ സമഗ്രമായാണ് അദ്ദേഹം വിലയിരുത്തിയത്. പൗരസ്ത്യനിരൂപണരീതിയിലുള്ള ശബ്ദവൈചിത്ര്യത്തിന്റെ അടിസ്ഥാനത്തിലല്ല, അനുവാചകന്റെ മനസ്സിൽ അതുളവാക്കുന്ന ഭാവവൈചിത്ര്യത്തിന്റെ അടിസ്ഥാനത്തിലാണ് മാരാരുടെ നിരൂപണം. യുക്തിയുടെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിലാണ് മാരാർ ഗുണദോഷങ്ങൾ നിർണയിച്ചത്. പല പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളെയും പൗരസ്ത്യമായ തർക്കബുദ്ധി ഉപയോഗിച്ചുതന്നെയാണ് അദ്ദേഹം ചോദ്യം ചെയ്തത്. പുരാണങ്ങളെയും ഇതിഹാസങ്ങളെയും മാരാർ ഉൾക്കൊണ്ടത് ജീവിതയാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ഋഷികവികൾ ആവിഷ്കരിച്ച ശാശ്വതസത്യങ്ങൾ കർമ്മത്തിന്റെ പ്രായോഗികതയിൽ വിചിന്തനം ചെയ്ത് അതിന്റെ യഥാർത്ഥ സത്ത വെളിപ്പെടുത്തി. മന:ശാസ്ത്ര ദർശനം കുട്ടികൃഷ്ണമാരാരുടെ നിരൂപണങ്ങളിലെ പ്രധാനപ്പെട്ട മൗലികതയാണ്. വ്യക്തിജീവിതവും ഭാരതീയകാവ്യശാസ്ത്രപാരമ്പര്യവും ദർശനപാരമ്പര്യവും രൂപപ്പെടുത്തിയതാണ് കുട്ടികൃഷ്ണമാരാരുടെ മൗലികമായ വീക്ഷണങ്ങൾ.നിരൂപണം ആസ്വാദകന്റെ സ്വാതന്ത്ര്യത്തിന്റെ പ്രകടനമായി മാറിയപ്പോൾ അദ്ദേഹം ആവിഷ്കരിച്ച പല സിദ്ധാന്തങ്ങളും വിവാദമായെങ്കിലും കൃതിയുടെയും നിരൂപണത്തിന്റെയും മൂല്യം നിർണയിക്കുന്ന മാനദണ്ഡങ്ങൾ ചർച്ചാവിഷയമായി. പിൽക്കാല നിരൂപണരീതിക്ക് ശക്തമായ പ്രേരണയായി അത് മാറി.

## ഗ്രന്ഥസൂചി


1. അപ്പൻ, കെ.പി, വരകളും വർണ്ണങ്ങളും, കോട്ടയം: ഡി.സി ബുക്സ്, 1992
2. ആനന്ദവർദ്ധനൻ, ധ്വന്യാലോകം, വിവ: സി വി വാസുദേവ ഭട്ടതിരി, തിരുവനന്തപുരം:കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1996.
3. കുട്ടികൃഷ്ണമാരാർ, സാഹിത്യവിദ്യ, കോഴിക്കോട്: മാരാർസാഹിത്യപ്രകാശം, 1993.

 ISSN No: 3049-0316 

4. ഇങ്ങുനിന്നങ്ങോളം, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, 1992.
5. കല ജീവിതം തന്നെ, കോഴിക്കോട്: മാതൃഭൂമി, 1989.
6. ഭാരതപര്യടനം, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, 1999.
7. ചർച്ചായോഗം, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, 2006.
8. സാഹിത്യഭൂഷണം, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, 1991.
9. പതിനഞ്ചുപന്യാസം, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, 1991.
10. ദണ്ഡി, കാവ്യാദർശം, വിവ: വ്യാ: പ്രൊഫ. ആർ. വാസുദേവൻ പോറ്റി, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.
11. പ്രഭാകരൻ, പ്രയാർ, പ്രൊഫ. ഭാരതീയ കാവ്യശാസ്ത്രപഠനങ്ങൾ, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1999.
12. ഭരതമുനി, നാട്യശാസ്ത്രം, വിവ: കെ പി നാരായണ പിഷാരടി, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1999.
13. ഭാസ്കരൻ, ടി. ഭാരതീയ കാവ്യശാസ്ത്രം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1978.
14. മഹിമഭട്ടൻ, വ്യക്തിവിവേകം, വിവ., ഡോ. കെ.സുകുമാരപിള്ള, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988.
15. മേനോൻ, എം.എസ്. കാവ്യതത്ത്വ നിരീക്ഷണം. കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1995.
16. മേനോൻ, എം.എസ്. കവി കവിത സഹൃദയൻ, കോഴിക്കോട്: കേരള സാഹിത്യ സമിതി, 1985.
17. രാധാകൃഷ്ണൻ, പി.എസ്. കുട്ടികൃഷ്ണമാരാരുടെ സൗന്ദര്യദർശനം, കോട്ടയം: ഡി.സി ബുക്സ്, 1999.
18. ഷുബ, കെ.എസ്, മൂല്യസങ്കല്പം കുട്ടികൃഷ്ണമാരാരുടെ വിമർശനകൃതികളിൽ, പി.എച്ച്.ഡി പ്രബന്ധം, തിരുവനന്തപുരം: കേരള സർവകലാശാല, 2010.
19. സുലേഖ എം.ടി., ഡോ. കുട്ടികൃഷ്ണമാരാർ, മലയാളസാഹിത്യ നിരൂപണം, പ്രൊഫ. പന്മന രാമചന്ദ്രൻ നായർ (എഡി), തിരുവനന്തപുരം: പി.കെ പരമേശ്വരൻ നായർ സ്മാരക സമിതി, 2008.
20. Richards, I.A. Principles of literary criticism, London: Routledge & Kegan Paul, 1955.